ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഇ-മെയിൽ : secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) ജനറൽ കൗൺസിലിലേക്ക് നിയമസഭാ സാമാജികരിൽ നിന്നും മൂന്ന് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

[2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) ആക്ടിന്റെ 12-ാം വകുപ്പിന്റെ VII-ാം ഉപവകുപ്പും 14-ാം വകുപ്പും അനുസരിച്ച്]

## വിജ്ഞാപനം

നമ്പർ:11568/ലെജിൻ-2/2023/നി. സെ. തിരുവനന്തപുരം, 2023 ആഗസ്റ്റ് 02.

2005-ലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) ആക്ടിലെ (2005-ലെ 27-ാം ആക്ട്) 12 (vii), 14 എന്നീ വകുപ്പുകളും NUALS റഗുലേഷനുകളിലെ അദ്ധ്യായം XIV ഉം അനുസരിച്ച് നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ ജനറൽ കൗൺസിലിലേക്ക് കേരള നിയമസഭാ സാമാജികരിൽ നിന്നും മൂന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

1. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)-ന്റെ ജനറൽ കൗൺസിലിലേക്ക് മൂന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ച് കേരള നിയമസഭാ സാമാജികരിൽ നിന്നും ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

2. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2023 ആഗസ്റ്റ് മാസം 16-ാം തീയതി ബുധനാഴ്ച മൂന്ന് മണി വരെയുള്ള ഏതു് തീയതിയിലും (പൊതു ഒഴിവു ദിവസങ്ങളൊഴികെ) പകൽ 11 മണിക്കും 4 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിയ്ക്ക് നൽകാവുന്നതാണ്.

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

[മറുപുറം]

4. തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2023 ആഗസ്റ്റ് മാസം 17-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്ക് എടുക്കുന്നതും സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്നുതന്നെ വൈകുന്നേരം 03.00 മണിക്ക് നിയമസഭാ വെബ്സൈറ്റിലും നിയമസഭാ സെക്രട്ടേറിയറ്റിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2023 ആഗസ്റ്റ് മാസം 22-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 03.00 മണിക്ക് മുമ്പായി വരണാധികാരിക്ക് അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ വച്ച് നൽകാവുന്നതാണ്.

6. മത്സരരംഗത്തുള്ള സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് 2023 ആഗസ്റ്റ് മാസം 23-ാം തീയതി ബുധനാഴ്ച നിയമസഭാ വെബ്സൈറ്റിലും നിയമസഭാ സെക്രട്ടേറിയറ്റിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായി വരുന്ന പക്ഷം 2023 സെപ്റ്റംബർ മാസം 04-ാം തീയതി തിങ്കളാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുന്നതാണ്.

8. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും 2023 സെപ്റ്റംബർ മാസം 20-ാം തീയതി ബുധനാഴ്ച വൈകുന്നേരം 03.00 മണി ആയിരിക്കുന്നതാണ്.

9. വോട്ട് രേഖപ്പെടുത്തിയ ബാലറ്റുകളുടെ സൂക്ഷ്മ പരിശോധനയും വോട്ടെണ്ണലും 2023 സെപ്റ്റംബർ മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ വരണാധികാരിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

**എ.എം. ബഷീർ,**
വരണാധികാരി &
സെക്രട്ടറി, കേരള നിയമസഭ